# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: **9846720402**

പി.ആർ.ഒ/35/267/2016     പത്രക്കുറിപ്പ്     2016 **ഡിസംബർ 16**

**അപേക്ഷാ തീയതി**

ഒന്നാം സെമസ്റ്റർ എം.എ/എംഎസ്സി/എം.കോം/എം.എം.എച്ച്/എം.സി.ജെ/എം.എസ്.ഡബ്ല്യൂ/എം.റ്റി.എ(2016 അഡ്മിഷൻ റഗുലർ സ്റ്റഡി –സി.എസ്.എസ്) ഡിഗ്രി പരീക്ഷകൾക്ക് അപേക്ഷകൾ പിഴയില്ലാതെ ജനുവരി 5 വരെയും 50 രൂപ പിഴയോടെ 6 വരെയും 500 രൂപ സൂപ്പർഫൈനോടെ 9 വരെയും സ്വീകരിക്കും. പരീക്ഷാ തീയതി പിന്നീട്. 2015 അഡ്മിഷനു മുൻപുള്ള(സി.എസ്.എസ്)/2012 അഡ്മിഷനു മുൻപുള്ള (നോൺ സി.എസ്.എസ്)/2001 മുതലുള്ള അഡ്മിഷൻ (റഗുലർസ്റ്റഡി) എം.എ/എംഎസ്സി/എം.കോം, ഒന്നാം സെമസ്റ്റർ മേഴ്സിചാൻസ് പരീക്ഷകളുടെ അപേക്ഷാതീയതി പിന്നീട് പ്രഖ്യാപിക്കും. അപേക്ഷകർ സി.വി ക്യാംപ് ഫീസായി 150 രൂപ നിശ്ചിത പരീക്ഷാ ഫീസിനു പുറമേ അടക്കണം. അപേക്ഷകൾ നേരിട്ട് അസിസ്റ്റന്റ് രജിസ്ട്രാർ(പരീക്ഷാ വിഭാഗം) മുൻപാകെ എത്തിക്കണം.

**പരീക്ഷാഫലം**

2015 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്സി ഫിസിക്സ് സി.എസ്.എസ് (റഗുലർ /സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുന:പരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 31 വരെ സ്വീകരിക്കും.

2016 ഏപ്രിലിൽ നടത്തിയ ഒന്ന്, രണ്ട്, മൂന്ന്, നാല് സെമസ്റ്റർ എൽ.എൽ.എം ഓഫ് കാമ്പസ് (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. കോട്ടയം മണിപുഴ ഗുഡ് ഷെപ്പേഡ് സെന്റർ ഫോർ ലീഗൽ സ്റ്റഡീസിലെ രാജേഷ്കുമാർ. കെ.റ്റി (989) ഒന്നാം റാങ്കും സെന്റ് പോൾസ ഓഫ് കാമ്പസിലെ രാഖി കെ. കുമാർ (958) രണ്ടാം റാങ്കും, രാജപ്പൻ വി. എൻ (954) മൂന്നാം റാങ്കും നേടി. സൂക്ഷ്മപരിശോധനയ്ക്കും പുന:പരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 31 വരെ സ്വീകരിക്കും.

2015 ഡിസംബറിൽ നടത്തിയ മൂന്നാം അർദ്ധവർഷ എം.എ മലയാളം സി.എസ്.എസ്(റഗുലർ/സപ്ലിമെന്ററി/ബെറ്റർമെന്റ്), നോൺ സി.എസ്.എസ് സപ്ലിമെന്ററി ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുന:പരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 30 വരെ സ്വീകരിക്കും.

2016 ജൂലായിൽ നടത്തിയ സ്ക്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ എട്ടാം സെമസ്റ്റർ ബി.ബി.എ. എൽ.എൽ.ബി(ഓണേഴ്സ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുന: പരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 23 വരെ സ്വീകരിക്കും.

2016 മെയ്യിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ടെക് റഗുലർ/സപ്ലിമെന്ററി (പുതിയ സ്കീം/പഴയ സ്കീം/മേഴ്സി ചാൻസ്)ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്കും പുന:പരിശോധനയ്ക്കും ഉള്ള അപേക്ഷകൾ ഡിസംബർ 31 വരെ സ്വീകരിക്കും.

**പ്രത്യേക സിൻഡിക്കേറ്റ് യോഗം**

ഡിസംബർ 17 ന് നടത്താൻ തീരുമാനിച്ചിരുന്ന എം.ജി സർവ്വകലാശാല പ്രത്യേക സിൻഡിക്കേറ്റ് യോഗം ഡിസംബർ 30 ന് രാവിലെ 11 മണിക്ക് സിൻഡിക്കേറ്റ് ഹാളിൽ വച്ച് നടത്തുന്നതായിരിക്കും

**എം.ജി വിദ്യാർത്ഥികളുടെ ഹ്രസ്വചിത്രത്തിന് അന്താരാഷ്ട്ര അവാർഡ്**

കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ് സംഘടിപ്പിച്ച ഇന്റർനാഷണൽ സയൻസ് ഫിലിം ഫെസ്റ്റിവലിൽ മഹാത്മാ ഗാന്ധി സർവ്വകലാശാലയിലെ ഗവേഷണ വിഭാഗമായ ഐ.ഐ.ആർ.ബി.എസിലെ വിദ്യാർത്ഥികൾ ഒരുക്കിയ ഹ്രസ്വചിത്രത്തിന് അന്താരാഷ്ട്ര ബഹുമതി ലഭിച്ചു.
സ്കൂൾ – കോളേജ് വിദ്യാർത്ഥികൾക്കുള്ള മത്സരവിഭാഗത്തിൽ മൂന്നാം സ്ഥാനമാണ് കാലാവസ്ഥാമാറ്റവും അനിയന്ത്രിത പ്രകൃതി ചൂഷണവും പ്രമേയമാക്കിയ "ബേൺ" എന്ന ഹ്രസ്വചിത്രം സ്വന്തമാക്കിയത്.
കേന്ദ്ര ശാസ്ത്ര സാങ്കേതികവകുപ്പ് മന്ത്രി ഡോ : ഹർഷവർദ്ധനിൽ നിന്ന് വിദ്യാർത്ഥികൾ പുരസ്കാരം ഏറ്റു വാങ്ങി.

## എം.ജി : അന്താരാഷ്ട്ര സമ്മേളനവും  ജൈവകാർഷിക ഉൽപ്പന്നങ്ങളുടെ പ്രദർശനവും

മഹാത്മാഗാന്ധി സർവ്വകലാശാലാ അന്തർ സർവ്വകലാശാലാ സുസ്ഥിര ജൈവ കാർഷിക പഠനകേന്ദ്രത്തിന്റെ അഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സമ്മേളനത്തിൽ ജൈവകർഷകർക്ക് തങ്ങളുടെ കാർഷിക വിളകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും പ്രദർശിപ്പിക്കുന്നതിന് അവസരം.  ഡിസംബർ 30–ന് സർവ്വകലാശാല ആസ്ഥാനത്താണ് പ്രദർശനം.  കർഷകർ തങ്ങളുടെ കാർഷികവിളകൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, കാർഷിക ഉപകരണങ്ങൾ, അവലംബിക്കുന്ന കാർഷിക രീതികൾ എന്നിവയുടെ വിശദാംശങ്ങൾ സഹിതം ഡിസംബർ 22–ാം തീയതി വൈകീട്ട് 5 മണിക്കു മുൻപായി സർവ്വകലാശാലാ ഓഫീസിൽ അപേക്ഷ സമർപ്പിക്കണം.  തെരഞ്ഞെടുക്കപ്പെടുന്നവരെ ഫോൺ മുഖേന അറിയിക്കുന്നതാണ്.
അപേക്ഷ അയയ്ക്കേണ്ട വിലാസം : ഡയറക്ടർ, അന്തർ സർവ്വകലാശാല സുസ്ഥിര ജൈവ കാർഷിക പഠന കേന്ദ്രം, മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം. ഇ മെയിൽ :isetofsa@mgu.ac.in  മാതൃകാ അപേക്ഷാഫോം www.iucofsa.ac.in എന്ന വെബ്സൈറ്റിൽ നിന്നും ലഭിക്കും.  ഫോൺ : 0481 6555563

**ദ്വിദിന സ്റ്റാർട്ട് അപ് എക്സിബിഷൻ സമാപിച്ചു**

എം.ജി.സർവ്വകലാശാല ബിസിനസ്സ് ഇന്നവേഷൻ ആൻഡ് ഇൻകുബേഷൻ സെന്ററിന്റെ നേതൃത്വത്തിൽ രണ്ട് ദിവസമായി നടന്നുവരുന്ന സ്റ്റുഡന്റ് സ്റ്റാർട്ട് അപ് എക്സിബിഷൻ സമാപിച്ചു.  സിൻഡിക്കേറ്റ് അംഗം ഡോ : കെ. കൃഷ്ണദാസ് അധ്യക്ഷത വഹിച്ച സമാപന ചടങ്ങ് സർവ്വകലാശാല പ്രൊ. വൈസ്ചാൻസിലർ ഡോ : ഷീന ഷുക്കൂർ ഉദ്ഘാടനം ചെയ്തു.
എക്സിബിഷനിൽ മികവു തെളിയിച്ച വിദ്യാർത്ഥികൾക്ക് സർവ്വകലാശാല പ്രൊ. വൈസ്ചാൻസിലർ ഡൊ : ഷീന ഷുക്കൂർ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.  യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് കമ്മ്യൂണിക്കേഷൻ ആൻഡ് ജേർണലിസം വകുപ്പ് മേധാവി  മാടവന ബാലകൃഷ്ണപിള്ള, ഭൗതിക ശാസ്ത്ര വകുപ്പ് മേധാവി കെ. ഇന്ദുലേഖ, ശ്രീകേഷ് തുടങ്ങിയവർ സംസാരിച്ചു.  കെ.ജെ.ജേക്കബ്, ആർ. പ്രശാന്ത്, എ.എസ്. ഉദയശങ്കർ, അഡ്വ : ബിനോയി കടവൻ, പ്രീതി. എം. തുടങ്ങിയവർ ക്ലാസ്സുകൾ നയിച്ചു.

**അടിക്കുറിപ്പ്**

കാലാവസ്ഥാമാറ്റവും അനിയന്ത്രിത പ്രകൃതി ചൂഷണവും പ്രമേയമാക്കിയ "ബേൺ" എന്ന ഹ്രസ്വചിത്രത്തിന് മഹാത്മാഗാന്ധിസർവ്വകലാശാല ഐ.ഐ.ആർ.ബി.എസിലെ വിദ്യാർത്ഥികൾ  കേന്ദ്ര ശാസ്ത്ര സാങ്കേതികവകുപ്പ് മന്ത്രി ഡോ : ഹർഷവർദ്ധനിൽ നിന്ന് പുരസ്കാരം ഏറ്റുവാങ്ങുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**